# PravasiBharatiya Divas Convention: 2021

January 07, 2021

---

## പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ :2021

ജനുവരി 07, 2021

പ്രവാസി ഭാരതീയ ദിവസ് (PBD) എന്നത് വിദേശകാര്യാമന്ത്രാലയത്തിന്റെ ഒരു ഫ്ലാഗ്ഷിപ് ഇവന്റ് ആണ് കൂടാതെ പ്രവാസികളായുള്ള ഭാരതീയരുടെ ബന്ധപ്പെടുന്നതിനും ഇടപഴകുന്നതിനുമുള്ള ഒരു പ്രധാനപ്പെട്ട പ്ലാറ്റ്ഫോം നൽകുകയും ചെയ്യുന്നു. ആവേശഭരിതരായി പ്രവാസ സമൂഹത്തിന്റെ ചിന്തകളുടെ അടിസ്ഥാനത്തിൽ, നടന്നുകൊണ്ടിരിക്കുന്ന കോവിഡ് പകർച്ചവ്യാധിയെ മറികടന്നാണ്, 16 മത് പ്രവാസി ഭാരതീയ ദിവസ് സംഘടിപ്പിച്ചിട്ടുള്ളത്. കൺവെൻഷനു മുന്നോടിയായി അടുത്തിടെയായി നടന്ന പി ബി ഡി കോൺഫറൻസുകൾ പോലെ, കൺവെൻഷനും വിർച്ചൽ ഫോർമാറ്റിലാണ് നടക്കുക. 16 മത് പി ബി ഡി യുടെ വിഷയം " ആത്മനിർഭർ ഭാരതിലേക്ക്' സംഭാവന ചെയ്യുക എന്നതാണ്.

പി ബി ഡി കൺവേഷന് മൂന്നു ഭാഗങ്ങളാണ് ഉണ്ടായിരിക്കുക. ഇന്ത്യയുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി പി ബി ഡി കാന്വേഷണ ഉദ്ഘാടനം ചെയ്യുന്നതാണ്, കൂടാതെ പ്രധാന അതിഥിയായ, സുരിനാം റിപ്പബ്ലിക്കിന്റെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. ചന്ദ്രിക പ്രസാദ് സന്റോഖി മുഖ്യ പ്രഭാഷണം നടത്തും.യുവ തലമുറയ്ക്കായി നടത്തിയ ഓൺലൈനായി നടത്തിയ ഭാരത് കോ ജാനിയെ ക്വിസ് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

ഉദ്ഘാടന സെഷന് ശേഷം രണ്ടു പ്ലീനറി സെഷനുകൾ ഓടി നടക്കുന്നതാണ്. ആദ്യ പ്ലീനറി സെഷനായ ആത്മനിർഭർ ഭാരതിൽ പ്രവാസികളായ ഇന്ത്യക്കാരുടെ ചുമതല എന്നതിൽ വിദേശകാര്യാമന്ത്രിയും , വാണിജ്യ വ്യവസായ മന്ത്രിയും പ്രഭാഷണങ്ങൾ നടത്തുന്നതാണ്. കോവിഡിന് ശേഷമുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുക- ആരോഗ്യ, സാമ്പത്തിക, സാമൂഹിക കൂടാതെ അന്താരാഷ്ട്ര ബന്ധങ്ങളുടെ സാഹചര്യങ്ങളിൽ എന്നതിനെ അടിസ്ഥാനമാക്കിയുള്ള രണ്ടാമത് പ്ലീനറി സെഷനിൽ രാജ്യത്തെ ആരോഗ്യമന്ത്രി, വിദേശകാര്യ സഹമന്ത്രി എന്നിവർ പ്രഭാഷണം നടത്തും. രണ്ടു പ്ലീനറി സെഷനുകളിലും ഇന്ത്യൻ പ്രവാസികളിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങൾ ഉൾപ്പെടുന്ന പാനൽ ചർച്ചകളും ഉണ്ടായിരിക്കും.

പ്രവാസ ഭാരതീയ ദിവാസിന്റെ ആഘോഷത്തിലെ നന്ദിപ്രകാശന സെഷനിൽ ബഹുമാനപെട്ട രാഷ്ട്രപതി നന്ദി പ്രകാശന പ്രഭാഷണം നടത്തുന്നതാണ്. 2020 -21 ലെ പ്രവാസി ഭാരതീയ സമ്മാൻ ജേതാക്കളെയും പ്രഖ്യാപിക്കുന്നതാണ്. ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ മേഖലകളിൽ ,നേട്ടങ്ങൾ കരസ്ഥമാക്കിയ ഇന്ത്യൻ പ്രവാസികളായുള്ള ആളുകളെ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനുമാണ് പ്രവാസി ഭാരതീയ സമ്മാൻ നൽകുന്നത്.

2020 ജനുവരി 8 നു "ഇന്ത്യയിൽ നിന്നും ഇന്ത്യൻ പ്രവാസികളിൽ നിന്നും നേട്ടങ്ങൾ കരസ്ഥമാക്കിയ യുവാക്കളെ ഒരുമിച്ച് കൊണ്ടുവരുക " എന്ന ലക്ഷ്യത്തിൽ യൂത്ത് പി ബി ഡി യും വിര്ച്ചലായി ആഘോഷിക്കുന്നതാണ്.ഇതിനു യൂത്ത് അഫ്യേഴ്സ് ആൻഡ് സ്പോർട്സ് മന്ത്രാലയം നേതൃത്വം നൽകുന്നതാണ്. ന്യൂ സീലൻഡിലെ കമ്യൂണിറ്റി& വെൽഫെയർ സെക്ടർ മന്ത്രിയായ മിസ്. പ്രിയങ്ക രാധാകൃഷ്ണൻ ചടങ്ങിൽ പ്രത്യേക അതിഥിയായിരിക്കും.

ഇവന്റുകൾ പി ബി ഡി വെബ്സൈറ്റ് http://www.pbdindia.gov.in https://www.youtube.com/user/MEAIndia എന്നിവയിൽ തത്സമയ സംപ്രേഷണം ചെയ്യുന്നതാണ്.

**ന്യൂ ഡൽഹി**
**07 ജനുവരി, 2021**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**